പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

07.10.2016 ലെ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2415

# പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.ഒ. ആർ. കേളു<br>ശ്രീ.കെ.ബാബു. | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) പ്രകൃതി ക്ഷോഭം മൂലം കൃഷിനാശം സംഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കുമോ; | (എ) പ്രകൃതി ക്ഷോഭം മൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് 29.09.2015 തീയതിയിലെ നം.182/2015/എഡി ഉത്തരവ് പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നു. ഇൻഷ്വർ ചെയ്ത വിളകൾക്ക് കൃഷിനാശം സംഭവിക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ വിള ഇൻഷ്വറസ് പദ്ധതി, കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറസ് പദ്ധതി, കേര വൃക്ഷ ഇൻഷ്വറസ് പദ്ധതി എന്നിവ മുഖേന നഷ്ടപരിഹാര തുക നൽകി വരുന്നു. കൂടാതെ പ്രകൃതിക്ഷോഭം മൂലം കൃഷിനാശമുണ്ടാകുമ്പോൾ "പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കരുതൽ നടപടി" എന്ന പദ്ധതി പ്രകാരം വീണ്ടും വിളയിറക്കുന്നതിന് വിത്ത് സൗജന്യമായി കർഷകർക്ക് നൽകി വരുന്നു. |
| (ബി) പ്രസ്തുത കർഷകർക്ക് നൽകി വരുന്ന നഷ്ട പരിഹാര തുക വളരെ തുച്ഛമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) എങ്കിൽ ഇത് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (സി) പ്രകൃതി ക്ഷോഭം മൂലമുണ്ടാകുന്ന കൃഷി നാശത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (S.D.R.F) നിന്നും ധനസഹായം നൽകുന്നതിന്റെ മാനദണ്ഡം കേന്ദ്രസർക്കാരാണ് നിശ്ചയിക്കുന്നത്. കേന്ദ്രസർക്കാർ നിശ്ചയിച്ച നഷ്ടപരിഹാര നിരക്കുകൾ സംസ്ഥാനത്ത് പ്രാബല്യത്തിൽ |

വരുത്തിയപ്പോൾ നഷ്ടപരിഹാര തുക നിലവിലുണ്ടായിരുന്ന നഷ്ടപരിഹാര നിരക്കുകളേക്കാൾ കുറവായതിനാൽ 29.09.2015 ലെ സർക്കാർ ഉത്തരവ് നം.182/15/കൃഷി പ്രകാരം നഷ്ടപരിഹാര നിരക്കുകൾ മുൻപ് നിലവിലുണ്ടായിരുന്ന അതേ നിരക്കിൽ സംസ്ഥാന സർക്കാർ പുനസ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) ഇപ്രകാരം നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി പരിഷ്ക്കരിക്കുന്നത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി) പ്രകൃതി ക്ഷോഭം മൂലം കർഷകർക്കുണ്ടായ നാശനഷ്ടങ്ങൾക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡം ഓരോ വർഷവും കേന്ദ്രസർക്കാർ പരിഷ്കരിക്കാറുണ്ട്. എന്നാൽ കേന്ദ്ര മാനദണ്ഡപ്രകാരമുള്ള തുക തുലോം കുറവാണ്. ഇത് വർദ്ധിപ്പിക്കണമെന്ന് ദീർഘകാലമായി കേരളം കേന്ദ്രത്തോട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ